(സി) മലബാർ ദേവസ്വം ക്ഷേത്ര ജീവനക്കാരുടെ ക്ഷേമനിധിയിൽ ആവശ്യമായ ഫണ്ട് ഇല്ലാത്തതുകൊണ്ട് ജീവനക്കാരുടെ ആനുകൂല്യങ്ങൾ നൽകുന്നില്ലെന്ന വസ്തുത കണക്കിലെടുത്ത് ധനസഹായം അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

കഴിഞ്ഞ സാമ്പത്തിക വർഷം 1 കോടി രൂപ, ക്ഷേത്രജീവനക്കാരുടെ ക്ഷേമനിധിയുടെ സാമ്പത്തിക പ്രതിസന്ധി പരിഹരിക്കുന്നതിനായി അനുവദിച്ചിട്ടുണ്ട്.

(ഡി) ക്ഷേമനിധിയിൽ നിന്ന് നൽകുന്ന ആനുകൂല്യങ്ങൾ കാലോചിതമായി പരിഷ്കരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഇതുസംബന്ധിച്ച വിഷയം പരിശോധനയിലാണ്.

മാവേലിക്കരയിലെ ക്ഷേത്രക്കുളങ്ങൾ

102 (408) ശ്രീ. എം. എസ്. അരുൺ കുമാർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര കണ്ടിയൂർ ക്ഷേത്രക്കുളം നിർമ്മാണത്തിന് അനുവദിച്ച തുകയുടെ വിശദവിവരം ലഭ്യമാക്കുമോ; നിർമ്മാണം അടിയന്തരമായി ആരംഭിക്കുമോ ; വ്യക്തമാക്കാമോ?

മാവേലിക്കര കണ്ടിയൂർ ക്ഷേത്രക്കുളം നവീകരണത്തിനായി തിരുവിതാംകൂർ ദേവസ്വം ബോർഡ് 27,84,000 രൂപയുടെ പ്രൊപ്പോസൽ സമർപ്പിച്ചിരുന്നുവെങ്കിലും സർക്കാരിന്റെ നിലവിലെ സാമ്പത്തിക പ്രതിസന്ധി നിമിത്തം നിർമ്മാണത്തിനായി ഭരണാനുമതിയും ഫണ്ടും നൽകിയിട്ടില്ല.

(ബി) മാവേലിക്കര ശ്രീകൃഷ്ണസ്വാമി ക്ഷേത്രത്തിലെ വേലകളും, വലിയ കുളവും നവീകരിച്ചിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത കുളങ്ങൾ നവീകരിക്കുന്നതിനാവശ്യമായ തുക അനുവദിക്കുമോ; വ്യക്തമാക്കുമോ;

(സി) പ്രസ്തുത കുളങ്ങൾ നവീകരിക്കണമെന്നാവശ്യപ്പെട്ട് എം.എൽ.എ. നൽകിയ കത്ത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത കത്തിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

(ബി&സി) മാവേലിക്കര ശ്രീകൃഷ്ണസ്വാമി ക്ഷേത്രത്തിലെ വലിയ കുളം നാല് വർഷം മുൻപും വേലക്കുളത്തിന്റെ പൊട്ടിയ പടവുകൾ കഴിഞ്ഞ വർഷവും നവീകരിച്ച് വൃത്തിയാക്കിയിട്ടുള്ളതായി തിരുവിതാംകൂർ ദേവസ്വം ബോർഡ് അറിയിച്ചിട്ടുണ്ട്. ഈ വിഷയം സംബന്ധിച്ച് ബഹു. എം.എൽ.എ.-യുടെ കത്ത് 14-7-2021 തീയതിയിൽ ലഭിച്ചിട്ടുണ്ട്. ഇക്കാര്യം പരിശോധിച്ച് തുടർനടപടി സ്വീകരിക്കുന്നതാണ്. കൂടാതെ ഇതുസംബന്ധിച്ച് ശ്രീ. ആർ. രാജേഷ്, എം.എൽ.എ.-യുടെ കത്ത് 19-4-2021-ന് മാവേലിക്കര ദേവസ്വം അസിസ്റ്റന്റ് എഞ്ചിനീയർക്ക് ലഭിച്ചിട്ടുള്ളതായി തിരുവിതാംകൂർ ദേവസ്വം ബോർഡിൽ നിന്നും അറിയിച്ചിട്ടുണ്ട്.

അമ്പലങ്ങളുടെ കാവുകളും കുളങ്ങളും സംരക്ഷിക്കൽ

103(409) ശ്രീ. ടി. ഐ. മധുസൂദനൻ: താഴെക്കാണുന്ന ചോദ്യത്തിന് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ദേവസ്വം ബോർഡിന് കീഴിൽ വരുന്ന അമ്പലങ്ങളുടെ കാവുകളും കുളങ്ങളും സംരക്ഷിക്കുന്നതിനും നവീകരിക്കുന്നതിനും എന്തെല്ലാം പദ്ധതികളാണ് നിലവിലുള്ളത്; വിശദമാക്കാമോ ?

ക്ഷേത്രങ്ങളോട് ചേർന്നുള്ള കാവുകൾ, കുളങ്ങൾ, ആൽത്തറകൾ എന്നിവയുടെ സംരക്ഷണത്തിനായി 2021-22 ബജറ്റിൽ ഒരു കോടി രൂപ വകയിരുത്തിയിട്ടുണ്ട്. പ്രസ്തുത പദ്ധതിക്കായി മലബാർ മേഖലയിലെ ക്ഷേത്രങ്ങളെ ഉൾപ്പെടുത്തി മലബാർ ദേവസ്വം ബോർഡ് സമർപ്പിച്ച 9,67,85,000 രൂപയുടെ പ്രൊപ്പോസൽ അംഗീകരിച്ച് ഒന്നാം ഗഡുവായി 73,51,985 രൂപ നൽകിയിട്ടുണ്ട്. കൂടാതെ തിരുവിതാംകൂർ ദേവസ്വം ബോർഡിൽ നിന്നുള്ള 5,12,16,000 രൂപയുടെ പ്രൊപ്പോസലും ലഭ്യമായിട്ടുണ്ട്. സർക്കാരിന്റെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുന്ന മുറയ്ക്ക് ആയത് പരിഗണിക്കുന്നതാണ്. ദേവസ്വം ബോർഡുകളുടെ നിലവിലെ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനും കൂടുതൽ കാര്യക്ഷമമാക്കുന്നതിനും വേണ്ടി 13-7-2021-ന് ബഹു. ദേവസ്വം വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന ദേവസ്വം ബോർഡ് പ്രസിഡന്റുമാരുടെ യോഗത്തിൽ ക്ഷേത്രങ്ങളോടനുബന്ധിച്ചുള്ള കാവുകൾ, കുളങ്ങൾ, ആൽത്തറകൾ എന്നിവയുടെ സംരക്ഷണത്തിനായി പ്രത്യേക പദ്ധതി രൂപപ്പെടുത്തുന്നത് സംബന്ധിച്ച് ജലവിഭവ വകുപ്പുമായി കൂടിയാലോചന നടത്തുന്നതിനും തീരുമാനിച്ചിട്ടുണ്ട്.